ഉത്തരം

(എ) (ബി) ഉണ്ട്. സ്വകാര്യമേഖലയൊഴികെയുള്ള എല്ലാ നിയമനങ്ങൾക്കും നിയമാനുസൃത സംവരണ തത്വം പൂർണ്ണമായി പാലിച്ചു വരുന്നു.

(സി) ഉണ്ട്. ഓരോ സംവരണ വിഭാഗത്തിനും സംവരണം ചെയ്ത ഒഴിവിലേയ്ക്ക് പ്രസ്തുത സമുദായത്തിലുള്ളവരുടെ ലിസ്റ്റ് മാത്രമാണ് നൽകിവരുന്നത്. പ്രസ്തുത ഒഴിവുകൾ ടി ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികളാൽ മാത്രമേ നികത്താവൂ എന്ന് വ്യവസ്ഥയുണ്ട്.

(ഡി) അപൂർവ്വം ചില കേസുകൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. അതിനെതുടർന്ന് പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനാധികാരികളോട് വിശദീകരണം ചോദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ, തുടർന്നുവരുന്ന നിയമനങ്ങളിൽ സംവരണം നഷ്ടപ്പെട്ട സമുദായത്തിന്റെ സംവരണ നഷ്ടം നികത്തുന്നതിന് ലിസ്റ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നിലവിൽ വ്യക്തവും കർശനവുമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് കർശനമായും പാലിക്കുന്നുമുണ്ട്.

കൊണ്ടോട്ടിയിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കാൻ നടപടി

64 [2101] ശ്രീ. കെ.എൻ.എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടിയിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) കൊണ്ടോട്ടിയിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ഇ.എസ്.ഐ. ആശുപത്രികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

65 [2102] ശ്രീ. എ. കെ. ബാലൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇ. എസ്.ഐ. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും ഇല്ലാത്തതിനാൽ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ചികിത്സതേടി മറ്റു ആശുപത്രികളിൽ പോകേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly